I/90248/2023

"ഭരണഭാഷ മാതൃഭാഷ"

**നമ്പർ.TCPKZD/170/2023/c1**

**തദ്ദേശ സ്വയംഭരണവകുപ്പ് പ്ലാനിംഗ്,**
**ജില്ലാ നാഗരാസൂത്രകന്റെ കാര്യാലയം,**
**An ISO 2005-9001 Certified Office,**
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി. **30-03-2023**
ഫോൺ:0495-236 9300,
ഇ-മെയിൽ: tpkzd.lsgdplng@kerala.gov.in

**നഗരാസൂത്രകൻ,**
കോഴിക്കോട്
**എക്സി.എന്‍ജിനിയര്‍**
കോഴിക്കോട് നഗരസഭ

സർ,

വിഷയം:- കോഴിക്കോട് നഗരസഭ-പബ്ലിക് & സെമിപബ്ലിക് മേഖലയിൽ വാസഗൃഹ നിർമ്മാണം-ശ്രീ.അജീഷ് എന്നവരുടെ അപേക്ഷയിൽ കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 15/2/2023 ലെ TP8/61396/22 കത്ത്

കോഴിക്കോട് നഗരസഭ-കച്ചേരി വില്ലേജിൽ റെവന്യൂ വാർഡ്-2, റീസർവേ നമ്പർ 202/3 -ൽ 2023.56 ച .മീ സ്ഥലത്ത് 576.87ച.മീ ബില്റ്റ്അപ്പ് ഏരിയയിൽ ഒരു വാസഗൃഹം ക്രമവൽക്കരിക്കുന്നതിനായി ശ്രീ.അജീഷ് എന്നവർ സമർപ്പിച്ച അപേക്ഷ 2019 ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിനു അനുസൃതമായതിനാൽ കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ മേഖല നിയന്ത്രണ ചട്ടം 25.1, 12(a) പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് അനുമതി നൽകി ഇതിനാൽ അറിയിക്കുന്നു.

**<u>നിബന്ധനകൾ</u>**

1. നിർദിഷ്ട സ്ഥലം പൊതു ആവശ്യത്തിനായി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് കോർപ്പറേഷൻ വശം രേഖകൾ ഒന്നും നിലവിലില്ല എന്നു കോഴിക്കോട് കോർപ്പറേഷൻ എക്സിക്യൂട്ടീവ് എൻജിനിയർ ഉറപ്പ് വരുത്തേണ്ടതാണ്.

2. നിർദിഷ്ട സ്ഥലത്തു റോഡിനോട് ചേർന്ന സ്ഥല അതിർത്തിയിൽ നിർമ്മിച്ച അനുബന്ധ കെട്ടിടം പൊളിച്ചു നീക്കി എന്ന് കെട്ടിടത്തിന് ഒകുപ്പൻസി നല്കുന്നതിന് മുൻപായി കോർപ്പറേഷൻ എക്സിക്യൂട്ടീവ് എൻജിനിയർ ഉറപ്പ് വരുത്തേണ്ടതാണ്.

3. നിർദ്ദിഷ്ട നിർമാണം KMBR 2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കേണ്ടതാണ്.

**നോട്ട്:-** *ഇത് കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർപ്ലാൻ മേഖല നിയന്ത്രണചട്ടം*

I/90248/2023

*പ്രകാരം വാസഗൃഹം നിർമ്മിക്കാനുള്ള കൺകറൻസ് മാത്രമാണ്. സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ചശേഷം ചട്ടപ്രകാരമുള്ള കെട്ടിട നിർമ്മാണ അനുമതി സെക്രട്ടറിക്ക് നൽകാവുന്നതാണ്*

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Girish Kumar T K
Date: 30-03-2023 17:32:38

**നഗരാസൂത്രകൻ**

**കോഴിക്കോട്**

ഉള്ളടക്കം:-മേൽപ്പറഞ്ഞത്

പകർപ്പ്:- അപേക്ഷകന്